# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 24 11.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1 ഒരു വർഷം നീണ്ടു നിൽക്കുന്ന പാരിസ്ഥിതിക പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര സർക്കാരിന്റെ അനുമതി ജൂലൈ 2011-ൽ ലഭിച്ചു. ജൂൺ 2012-ൽ പ്രസ്തുത പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.<br><br>2 പാരിസ്ഥിതിക പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു. ബാങ്ക് കൺസോർഷ്യം, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയിലൂടെ |

ധനസമാഹരണത്തിനായി
നടപടിക്രമങ്ങൾ
പൂർത്തിയാക്കി.

3 തുറമുഖ നിർമ്മാണത്തിനു
ഏറ്റവും അത്യാവശ്യമായ
ബാക്ക് അപ് ഏരിയ, റോഡ്
കണക്ടിവിറ്റി, ട്രക്ക്
ടെർമിനൽ എന്നിവയ്ക്ക്
ആവശ്യമായ 110.47 ഏക്കർ
ഭൂമിയിൽ 85.30 ഏക്കർ ഭൂമി
ഏറ്റെടുത്തു.

4 ലാന്റ് ലോർഡ് മോഡലിൽ
നിർമ്മിയ്ക്കുന്ന
തുറമുഖത്തിന്റെ
അടിസ്ഥാന സൗകര്യ
വികസനത്തിനാവശ്യമായ
മാസ്റ്റർപ്ലാനും
ഇ.പി.സി.ടെൻഡർ
ഡോക്യുമെന്റും
ഉണ്ടാക്കുന്നതിനായി VISL
കൺസൾട്ടന്റിനെ
നിയമിക്കുകയും അതിന്റെ
പ്രവർത്തനങ്ങൾ
ഏകോപിപ്പിക്കുകയും
ചെയ്തു.
പാരിസ്ഥിതികാനുമതി
ലഭിച്ചതിനുശേഷം മാത്രമേ
ഇതിന്റെ ടെണ്ടർ നടപടികൾ
ആരംഭിക്കുവാൻ
സാധിക്കുകയുള്ളൂ.

5 പോർട്ട് നടത്തിപ്പുകാരനായി
തെരഞ്ഞെടുക്കുന്നതിന്
ബിഡ്സ് സമർപ്പിച്ച 2 പേരിൽ
നിന്നും കേന്ദ്ര സർക്കാരിന്റെ
സുരക്ഷാ അനുമതി ലഭിച്ച
വെൽസ്പൺ ഇൻഫ്രാടെക്ക്
ലിമിറ്റഡിന്റെ ഫിനാൻഷ്യൽ
ടെൻഡർ തുറക്കുകയും
പ്രസ്തുത
കൺസോർഷ്യവുമായി
നെഗോഷ്യേറ്റ് ചെയ്യുന്നതിന്
വേണ്ടി രൂപീകരിച്ച ബിഡ്
നെഗോസ്യേഷൻ

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| | | 6 | പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി നടത്തി വരുന്നു. |
| | | 7 | പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി വഴി പൂർത്തിയാക്കി. |
| | | 8 | 600 മീറ്റർ നീളമുള്ള താൽക്കാലിക റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായിട്ടുണ്ട്. |
| | | 9 | പദ്ധതിയ്ക്കാവശ്യമായ റെയിൽപാതയുടെ സർവ്വേ, പൂർത്തിയാക്കി. എന്നാൽ കേന്ദ്ര സർക്കാർ ഈ വർഷത്തെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിൽ ഇത് ഉൾപ്പെടുത്തി ചെയ്യുന്നതിനു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) | പോർട്ട് ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനുള്ള |

ബിഡ്ഡ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട അനുമതികൾ എല്ലാം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതിക അനുമതിയ്ക്കുള്ള ടേംസ് ഓഫ് റഫറൻസിനുള്ള അംഗീകാരം സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി 2011 ജൂലൈയിൽ ലഭിച്ചു. ഇത് പ്രകാരമുള്ള പഠനം 2012 ജൂൺ 30 നു പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പബ്ലിക് ഹിയറിംഗിനു ശേഷം കേന്ദ്ര സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ച് പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതായിട്ടുണ്ട്. |
| (ഡി) | തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, ഭൂവുടമകൾക്കുള്ള നഷ്ട പരിഹാര വിതരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ? | (ഡി) | തുറമുഖ നിർമ്മാണം തുടങ്ങുന്നതിനു ഏറ്റവും അത്യന്താപേക്ഷിതമായ ബാക്ക് അപ് ഏരിയ, ട്രക്ക്ടെർമിനൽ, റോഡ്കണക്ടിവിറ്റി എന്നിവയ്ക്കായി ആവശ്യമുള്ള 110.47 ഏക്കർ ഭൂമിയിൽ 85.30 ഏക്കർ ഭൂമി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി |

ഏറ്റെടുത്തുകഴിഞ്ഞു.

പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽവേയുടെ നിർമ്മാണം ലാസ്റ്റ് മൈൽ കണക്ടിവിറ്റി സ്കീമിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുമെന്ന് ഇക്കൊല്ലത്തെ കേന്ദ്ര റെയിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ റെയിൽവേയുടെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ ആരംഭിക്കും.

വെയർ ഹൗസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടി തുടങ്ങിയിട്ടില്ല.

സെക്ഷൻ ഓഫീസർ